"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീ.ബി. മുഹമ്മദ് ജമാലിന് അഡീഷണൽ സെക്രട്ടറി തസ്തികയിലെ ശമ്പള സ്കെയിലിൽ ശമ്പള പുനർനിർണ്ണയം നടത്തിയ വഖഫ് ബോർഡ് ചെയർമാന്റെ നടപടി ക്രമീകരിച്ച്/സാധൂകരിച്ച് നൽകിയും ടിയാന് അർഹതപ്പെട്ട ടെർമിനൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1716/2024/RD    തീയതി,തിരുവനന്തപുരം, 22-07-2024

---

പരാമർശം:-

1. 20.06.2004 തീയതിയിലെ സ.ഉ (സാധാ) നം. 1411/2001/റവ നമ്പർ സർക്കാർ ഉത്തരവ്.
2. എസ്.ആർ.ഒ നം.658/96 ആയി വിജ്ഞാപനം ചെയ്ത 06.09.1996 തീയതിയിലെ സ.ഉ (എംഎസ്) നം.508/1996/റവ നമ്പർ സർക്കാർ ഉത്തരവ്.
3. എസ്.ആർ.ഒ നം.780/2005 ആയി വിജ്ഞാപനം ചെയ്ത 27.07.2005 തീയതിയിലെ സ.ഉ (എംഎസ്) നം.238/05/റവ നമ്പർ സർക്കാർ ഉത്തരവ്
4. എസ്.എൽപി (സി) നം. 6370/2021-ന്മേലുള്ള ബഹു. സുപ്രീംകോടതിയുടെ 08.03.2022 തീയതിയിലെ ഉത്തരവ്.
5. എസ്.ആർ.ഒ നം.322/2022 ആയി വിജ്ഞാപനം ചെയ്ത 31.03.2022 തീയതിയിലെ സ.ഉ (പി) നം.123/2022/റവ നമ്പർ സർക്കാർ ഉത്തരവ്
6. കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 31.01.2023, 07.12.2023 എന്നീ തീയതികളിലെ ബി6-1317/2001 നമ്പർ കത്തുകൾ.

**ഉത്തരവ്**

ശ്രീ.ബി.മുഹമ്മദ് ജമാൽ-നെ കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പരാമർശം 1-ലെ ഉത്തരവ് പ്രകാരം സർക്കാർ നിയമിച്ചു.. പരാമർശം 2 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട 1996-കേരള വഖഫ് ചട്ടങ്ങളിലെ ചട്ടം 63 & 66 പ്രകാരം ഗവ.ഡെപ്യൂട്ടി

സെക്രട്ടറിയുടെ ശമ്പള സ്കെയിലിന് അനുവദനീയമായ ശമ്പളവും ആനുകൂല്യങ്ങളുമാണ് 26.07.2005 വരെ ടിയാന് അർഹമായിരുന്നത്. തുടർന്ന്, പരാമർശം 3-ലെ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട 1996-ലെ കേരള വഖഫ് (ഭേദഗതി) ചട്ടങ്ങൾ പ്രകാരം 27.07.2005 തീയതി മുതൽ ടിയാന് ഗവ.അഡീഷണൽ സെക്രട്ടറിയുടെ ശമ്പള സ്കെയിലിന് അനുവദനീയമായ ശമ്പളവും ആനുകൂല്യങ്ങൾക്കുമാണ് അർഹത. പരാമർശം 4-ലെ ബഹു.സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ കേരള സ്റ്റേറ്റ് വഖഫ് ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ സേവനം 31.03.2022 തീയതിയിൽ അവസാനിപ്പിച്ചുകൊണ്ടും പകരം കേരള സ്റ്റേറ്റ് വഖഫ് ചട്ടങ്ങൾ, 2019-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാരിലെ അഡീഷണൽ സെക്രട്ടറി തസ്തികയിലെ ഉദ്യോഗസ്ഥനെ നിയമിച്ചുകൊണ്ടും പരാമർശം 5 പ്രകാരം സർക്കാർ ഉത്തരവാകുകയുണ്ടായി.

2] തുടർന്ന്, ശ്രീ.ബി.മുഹമ്മദ് ജമാൽ-ന് ടെർമിനൽ സറണ്ടറുൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 6-ലെ കത്തുകൾ പ്രകാരം സമർപ്പിച്ച പ്രൊപ്പോസലിൽ ടിയാന് സർക്കാരിൽ നിന്നും ശമ്പള നിർണ്ണയ ഉത്തരവ് ലഭിച്ചിട്ടുള്ളത് ഡെപ്യൂട്ടി സെക്രട്ടറിയുടെ പേ സ്കെയിലിലായിരുന്നുവെന്നും എന്നാൽ പരാമർശം 3 പ്രകാരമുള്ള ചട്ട ഭേദഗതിക്ക് തുടർച്ചയായി സർക്കാരിൽ നിന്നും ശമ്പള നിർണ്ണയ ഉത്തരവ് ലഭ്യമാക്കാതെ ബോർഡ് ചെയർമാന്റെ ഉത്തരവ് മുഖേനയാണ് അഡീഷണൽ സെക്രട്ടറിയുടെ ശമ്പള സ്കെയിലിനനുസൃതമായ ശമ്പളം കൈപ്പറ്റിയതായി കാണുന്നുവെന്നും ഇത് ക്രമവിരുദ്ധമാണെന്നും ആയതിനാൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനായി അവലംബിക്കാവുന്ന അടിസ്ഥാന ശമ്പളം സംബന്ധിച്ചും അംഗീകാരമില്ലാതെ കൈപ്പറ്റിയ അധിക ശമ്പളം സംബന്ധിച്ച തുടർ നടപടിയിന്മേലും ഉത്തരവുണ്ടാകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീ.ബി.എം. ജമാലിന്, കേന്ദ്ര വഖഫ് നിയമം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് പരാമർശം 3 പ്രകാരം രൂപീകരിക്കപ്പെട്ട കേരള വഖഫ് (ഭേദഗതി) ചട്ടങ്ങൾ, 2005 പ്രകാരം അനുവദനീയമായ അഡീഷണൽ സെക്രട്ടറി തസ്തികയിലെ ശമ്പള സ്കെയിലിൽ ശമ്പള പുനർനിർണ്ണയം നടത്തിയ വഖഫ് ബോർഡ് ചെയർമാന്റെ നടപടി, നിയമപ്രകാരവും ചട്ടപ്രകാരവും അനുവദനീയമായതിൽ കൂടുതൽ തുക ടിയാൻ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചു പിടിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, സാധൂകരിച്ച്

ഉത്തരവാകുന്നു. കൂടാതെ ടിയാൻ സേവനത്തിന്റെ അവസാന കാലത്ത് കൈപ്പറ്റിയ അഡീഷണൽ സെക്രട്ടറിയുടെ ശമ്പള സ്കെയിലിനനുസൃതമായിട്ടുള്ള അടിസ്ഥാന ശമ്പളം, മറ്റ് അനുവദനീയമായ ബത്തകൾ എന്നിവ അടിസ്ഥാനമാക്കിയുള്ള ടെർമിനൽ സറണ്ടർ ആനുകൂല്യം, ടിയാന്റെ ക്രെഡിറ്റിലെ അവധി ലഭ്യതയ്ക്ക് വിധേയമായി, അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (08.02.2024 തീയതിയിലെ Exp-D1/96/2023-Fin പ്രകാരം)
നിയമവകുപ്പ് (15.02.2024 തീയതിയിലെ ST-I(2)/74/2024-LAW പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 22-07-2024 15:00:01